
## റൊണാൾഡോയ്ക്ക് തിരിച്ചടി




**റിയാദ്**

സൗദി പ്രോ ലീഗിൽ അൽ നാസെറിനെ ചാമ്പ്യൻമാരാക്കാനുള്ള ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ പ്രതീക്ഷയ്ക്ക് തിരിച്ചടി. അൽ ഖലീജുമായി അൽ നാസെർ സമനില വഴങ്ങി (1–1). റൊണാൾഡോ ലക്ഷ്യംകണ്ടെങ്കിലും റഫറി ഓഫ് സൈഡ് വിളിച്ചു.

നാല് കളി ശേഷിക്കെ ഒന്നാമതുള്ള ഇത്തിഹാദുമായി നാല് പോയിന്റ് പിന്നിലാണ് അൽ നാസെർ.

അൽ നാസറിനെതിരെ അൽ ഖലീജ് തുടക്കത്തിലേ മുന്നിലെത്തി. നാലാം മിനിറ്റിൽ ഫാബിയോ മാർട്ടിൻസാണ് ലക്ഷ്യം കണ്ടത്. അരമണിക്കൂർ തികയുംമുമ്പേ അൽ നാസെർ തിരിച്ചടിച്ചു. അൽവാരോ ഗൊൺസാലസാണ് ലക്ഷ്യം കണ്ടത്. രണ്ടാംപകുതിയുടെ തുടക്കത്തിലായിരുന്നു റൊണാൾഡോ വലയിൽ പന്തെത്തിച്ചത്. പക്ഷേ, ആഘോഷത്തിന് ആയുസുണ്ടായില്ല. അവസാന നാല് കളിയിൽ ഒരു ഗോൾ മാത്രമാണ് റൊണാൾഡോയ്ക്ക് നേടാനായത്.

പതിനാലാംസ്ഥാനക്കാരാണ് അൽ ഖലീജ്.

### സൗദി ക്ലബ് അൽ ഹിലാൽ ശ്രമം തുടരുന്നു

# അറബിക്കാറ്റ് വീശുമോ

- മെസിക്ക് വൻതുക വാഗ്ദാനം
- ഒരു ക്ലബ്ബുമായും കരാറായില്ലെന്ന് ഹൊർജെ മെസി
- പിഎസ്ജിയുമായി ഈ മാസം കരാർ അവസാനിക്കും
- ബുസ്ക്വെറ്റ്സ്, ആൽബ എന്നിവരും സൗദിയിലേക്കെന്ന് സൂചന

**പാരിസ്**

ലോക ഫുട്ബോൾ ഇനി സൗദി അറേബ്യയിൽ ചുരുങ്ങുമോ? ഈ മാസം അവസാനം അതിനുള്ള ഉത്തരം ലഭിക്കും. ഫുട്ബോൾ ചരിത്രത്തിലെ ഏറ്റവും വലിയ തുകയ്ക്ക് അർജന്റീനയുടെ ഇതിഹാസതാരം ലയണൽ മെസി സൗദി ക്ലബ് അൽ ഹിലാലിൽ ചേർന്നേക്കുമെന്നാണ് അഭ്യൂഹം. അങ്ങനെ സംഭവിച്ചാൽ മെസിയും ക്രിസ്റ്റ്യാനോ റൊണാൾഡോയും ഒരിക്കൽക്കൂടി മുഖാമുഖമെത്തും. മെസി മാത്രമല്ല, ബാഴ്സലോണയിലെ ചില പ്രധാന താരങ്ങളും സൗദിയിലേക്കുള്ള വഴിയിലെന്നാണ് സൂചന.

എന്നാൽ, മെസി സൗദി ക്ലബ്ബുമായി കരാറിലെത്തിയെന്ന വാർത്തകളെ അർജന്റീന ക്യാപ്റ്റന്റെ അച്ഛൻ ഹോർജെ മെസി നിഷേധിച്ചു. അടുത്ത സീസണിൽ ഏത് ക്ലബ്ബിനുവേണ്ടി കളിക്കുമെന്നതിൽ ഒരു തീരുമാനവുമായിട്ടില്ല. സീസൺ അവസാനത്തോടെ മാത്രമേ തീരുമാനിക്കുകയുള്ളൂ. ഒരിടത്തും ഒപ്പിട്ടില്ല. വാക്കാൽപ്പോലും ഉറപ്പിച്ചിട്ടില്ല. വാസ്തവവിരുദ്ധമായ വാർത്തകളാണ് പുറത്തുവരുന്നത്– ഹോർജെ മെസി പറഞ്ഞു.

ബാഴ്സലോണ വിട്ട് പിഎസ്ജിയിലെത്തിയ മെസിക്ക് പ്രതീക്ഷിച്ച കളിജീവിതമല്ല കിട്ടിയത്. അവസാനഘട്ടത്തിൽ കാണികൾ എതിരായി. ഒരു വർഷംകൂടി കരാർ നീട്ടുമെന്നായിരുന്നു ലോക കപ്പിനുമുമ്പുള്ള സൂചന. എന്നാൽ, ഫ്രാൻസിനെ കീഴടക്കി അർജന്റീനയെ ലോക ചാമ്പ്യൻമാരാക്കി തിരിച്ചെത്തിയ മെസിക്ക് നല്ല വരവേൽപ്പല്ല കിട്ടിയത്. ഇതിനിടെയാണ് അനുമതിയില്ലാതെ സൗദിയിലേക്ക് യാത്ര ചെയ്തതിന് പിഎസ്ജി വിലക്ക് ഏർപ്പെടുത്തിയത്. എന്നാൽ, ക്ലബ് വിലക്കു കാലാവധി ചുരുക്കി. മുപ്പത്തഞ്ചുകാരൻ ക്ലബ്ബിൽ പരിശീലനം നടത്തുകയും ചെയ്തു. ടീമിനെ ലീഗ് ചാമ്പ്യൻമാരാക്കി അവസാനിപ്പിക്കാനാണ് തീരുമാനം. ഏതായാലും പിഎസ്ജി വിടുന്ന കാര്യത്തിൽ തീരുമാനമായിട്ടുണ്ട്.

ഈ സാഹചര്യത്തിലാണ് അൽ ഹിലാൽ വമ്പൻ വാഗ്ദാനവുമായെത്തിയത്. കഴിഞ്ഞമാസം തുടക്കംമുതൽ അൽ ഹിലാൽ രംഗത്തുണ്ട്. ക്രിസ്റ്റ്യാനോ റൊണാൾഡോ കളിക്കുന്ന അൽ നാസെർ ക്ലബ്ബിന്റെ മുഖ്യ എതിരാളിയാണ് അൽ ഹിലാൽ.



ഈ മാസമാദ്യം നടത്തിയ സൗദി സന്ദർശനത്തിനിടെ റിയാദിൽ ഫാൽക്കണുമായി നിൽക്കുന്ന മെസി

ബാഴ്സ താരങ്ങളായ സെർജിയോ ബുസ്ക്വെറ്റ്സ്, ജോർഡി ആൽബ എന്നിവരെയും ക്ലബ് സമീപിച്ചിരുന്നു. തുകയിൽ തീരുമാനമാകാനുണ്ട്.

മെസിയെ തിരിച്ചുകൊണ്ടുവരാൻ ബാഴ്സ ശ്രമം തുടരുകയാണ്. സാമ്പത്തിക പ്രതിസന്ധിയിലുള്ള ബാഴ്സയ്ക്ക് അതിന് സാധിക്കുമോ എന്നതാണ് സംശയം. അമേരിക്കൻ മേജർ സോക്കർ ലീഗ് ക്ലബ് ഇന്റർ മയാമിയും രംഗത്തുണ്ട്. 5400 കോടി രൂപയാണ് അൽ ഹിലാലിന്റെ വാഗ്ദാനം.

കഴിഞ്ഞദിവസമാണ് മെസിക്ക് ഏറ്റവും മികച്ച കായികതാരത്തിനുള്ള ലോറിയസ് പുരസ്കാരം ലഭിച്ചത്. മികച്ച ടീമായി അർജന്റീന ടീമിനെയും തെരഞ്ഞെടുത്തു.

# ചാമ്പ്യൻസ് ലീഗിൽ മിലാൻ പോര്

- ചാമ്പ്യൻസ് ലീഗിൽ ഇരുടീമുകളും മുഖാമുഖം എത്തുന്നത് മൂന്നാംതവണ
- മിലാൻ ഏഴു തവണ ചാമ്പ്യൻമാർ, ഇന്ററിന് മൂന്ന് കിരീടം



റാഫേൽ ലിയാവോ

**മിലാൻ**

ഇറ്റാലിയൻ ഫുട്ബോളിലെ പരമ്പരാഗത വൈരികളുടെ പോരാട്ടം ഇന്ന്. ചാമ്പ്യൻസ് ലീഗ് ആദ്യപാദ സെമിയിൽ എസി മിലാനും ഇന്റർ മിലാനും ഏറ്റുമുട്ടും. സാൻസിറോയിലാണ് കളി. ചാമ്പ്യൻസ് ലീഗിൽ മൂന്നാംതവണയാണ് ഇരു ടീമുകളും മുഖാമുഖമെത്തുന്നത്.

ഇറ്റാലിയൻ ചാമ്പ്യൻമാരായ നാപോളിയെ ക്വാർട്ടറിൽ മടക്കിയായിരുന്നു മിലാന്റെ വരവ്. ബെൻഫിക്കയെ കീഴടക്കി ഇന്ററും മുന്നേറി.

ഈ സീസണിൽ ഒപ്പത്തിനൊപ്പമാണ് രണ്ട് മിലാൻ ടീമുകളും. ലീഗ് പോയിന്റ് പട്ടികയിൽ ഇന്റർ നാലാമതും മിലാൻ അഞ്ചാമതുമാണ്. ഇന്ററിന് 63 പോയിന്റ്. മിലാന് 61ഉം.

സീസണിൽ ഇരു ടീമുകളും മൂന്നുതവണ മുഖാമുഖമെത്തിയപ്പോൾ രണ്ട് ജയം ഇന്ററിനൊപ്പംനിന്നു. ഒരുതവണ മിലാനും ജയിച്ചു.

ചാമ്പ്യൻസ് ലീഗിൽ ഇറ്റാലിയൻ ടീമുകളുടെ പ്രതാപകാലം കഴിയുന്നുവെന്ന വിമർശങ്ങൾക്കിടെയാണ് ഇക്കുറി മൂന്ന് ടീമുകൾ നോക്കൗട്ടിലെത്തിയത്. മിലാൻ 2007ലാണ് അവസാനമായി ചാമ്പ്യൻമാരായത്. ഇന്റർ 2010ലും.

പതിനാല് കിരീടങ്ങളുള്ള റയൽ കഴിഞ്ഞാൽ ചാമ്പ്യൻസ് ലീഗ് പട്ടികയിൽ മിലാനാണുള്ളത്. ഏഴ് കിരീടങ്ങളുണ്ട് അവർക്ക്. 2007ലെ ആവേശകരമായ ഫൈനലിൽ ലിവർപൂളിനെ 2–1ന് കീഴടക്കിയായിരുന്നു കിരീടനേട്ടം. അതിനുശേഷം ഫൈനലിൽപോലും കടക്കാനായില്ല.

ഇന്റർ മൂന്നുതവണ ചാമ്പ്യൻമാരായി. അവസാനനേട്ടം 2010ൽ. ബയേൺ മ്യൂണിക്കിനെ 2–0നാണ് തോൽപ്പിച്ചത്.

സീസണിന്റെ അവസാനഘട്ടത്തിൽ ഇന്ററാണ് മികച്ചകളി പുറത്തെടുത്തത്. ലീഗിൽ തുടർച്ചയായ നാല് ജയങ്ങൾ സ്വന്തമാക്കിയാണ് എത്തുന്നത്. 14 ഗോളടിച്ചപ്പോൾ വഴങ്ങിയത് ഒരെണ്ണംമാത്രം.

സിമിയോണി ഇൻസാഗിയാണ് പരിശീലകൻ. ബൽജിയം മുന്നേറ്റക്കാരൻ റൊമേലു ലുക്കാക്കു മികവ് വീണ്ടെടുത്തത് പ്രതീക്ഷ നൽകുന്നു. അവസാന ആറ് കളിയിൽ ആറ് ഗോളടിച്ച അർജന്റീനക്കാരൻ ലൗതാരോ മാർട്ടിനെസും ഒപ്പമുണ്ട്. എഡിൻ സെക്കോയാണ് മുന്നേറ്റത്തിലെ മൂന്നാമൻ.

മധ്യനിരയിൽ മാർസെലൊ ബ്രൊസോവിച്ചും ഹകാൻ കൽഹാനോഗ്ലുവുമുണ്ട്.

മുന്നേറ്റക്കാരൻ റാഫേൽ ലിയാവോയുടെ പരിക്കാണ് സ്റ്റെഫാനോ പിയോലി പരിശീലിപ്പിക്കുന്ന എസി മിലാന് ആശങ്ക. ലിയാവോ കളിക്കുന്ന കാര്യത്തിൽ ഉറപ്പില്ല. ഈ പോർച്ചുഗലുകാരൻ ഇല്ലാത്ത എട്ട് മത്സരങ്ങളിൽ ഒന്നിൽമാത്രമാണ് എസി മിലാന് ജയിക്കാൻ കഴിഞ്ഞത്.

ഫ്രഞ്ചുകാരൻ ഒളിവർ ജിറൂവാണ് പ്രധാനതാരം. തിയോ ഹെർണാണ്ടസിന്റെ വേഗവും മിലാന് ഗുണം ചെയ്യും.

പതിനാറിനാണ് രണ്ടാംപാദ സെമി.



റൊമേലു ലുക്കാക്കു

# പ്രീമിയർ ലീഗിൽ ഗോൾമഴ; മൂന്ന് കളിയിൽ 21 ഗോൾ

- ബ്രൈറ്റൺ 1–എവർട്ടൺ 5
- നോട്ടിങ്ഹാം 4–സതാംപ്ടൺ 3
- ഫുൾഹാം 5–ലെസ്റ്റർ 3

**ലണ്ടൻ**

ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ മൂന്ന് കളിയിൽ പിറന്നത് 21 ഗോൾ. പ്രമുഖ ടീമുകളുടെ മത്സരങ്ങൾ അല്ലാതിരുന്നിട്ടും ഗോളടിയിൽ കുറവുണ്ടായില്ല.

ബ്രൈറ്റന്റെ തോൽവിയായിരുന്നു ഇതിൽ പ്രധാനം. ബ്രൈറ്റണെ 5–1ന് എവർട്ടൺ തകർത്തു. ഫുൾഹാം ലെസ്റ്റർ സിറ്റിയെ കീഴടക്കിയത് 5–3ന്. നോട്ടിങ്ഹാം ഫോറസ്റ്റ് 4–3ന് സതാംപ്ടണെ കീഴടക്കി.

ബ്രൈറ്റന്റെ യൂറോപ യോഗ്യതാ പ്രതീക്ഷകളെ തകർത്താണ് എവർട്ടൺ കൂറ്റൻ ജയം സ്വന്തമാക്കിയത്. 55 പോയിന്റുമായി ബ്രൈറ്റൺ ഏഴാമതാണ്. എവർട്ടൺ പതിനേഴാംസ്ഥാനത്തും

മൂന്ന് കളി ശേഷിക്കെ എവർട്ടൺ താൽക്കിലകമായി തരംതാഴ്ത്തൽ മേഖലയിൽനിന്ന് രക്ഷപ്പെട്ടു. ലെസ്റ്റർ,ലീഡ്സ്, സതാംപ്ടൺ ടീമുകളാണ് തരംതാഴ്ത്തൽ മേഖലയിലുള്ളത്.



ബ്രൈറ്റണെ തോൽപ്പിച്ച എവർട്ടൺ താരങ്ങളുടെ ആഹ്ലാദം

## ദേശീയ മത്സരത്തിൽ പങ്കെടുത്താൽ ഗ്രേസ് മാർക്ക്

**തിരുവനന്തപുരം**

ദേശീയതലത്തിൽ കായികമത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കും ഇനിമുതൽ ഗ്രേസ് മാർക്ക്. പൊതുവിദ്യാഭ്യാസം–തൊഴിൽ വകുപ്പുദ്യോഗസ്ഥരുടെ ഉന്നതതല യോഗത്തിലാണ് തീരുമാനം.

ഇതുസംബന്ധിച്ച നിർദേശം പൊതുവിദ്യാഭ്യാസവകുപ്പിന് നൽകി.

ദേശീയതലത്തിൽ മെഡൽ നേടുന്നവർക്ക് 25 മാർക്ക് നേരത്തേ അനുവദിച്ചിരുന്നു. എന്നാൽ, ദേശീയമത്സര പങ്കാളിത്തത്തിന് ഗ്രേസ് മാർക്ക് അനുവദിക്കുന്നതിൽ തീരുമാനമെടുത്തിരുന്നില്ല. വിഷയത്തിൽ പരാതി ലഭിച്ചിരുന്നു. തുടർന്ന് മുഖ്യമന്ത്രിയുടെ നിർദേശപ്രകാരമാണ് യോഗം ചേർന്ന് തീരുമാനമെടുത്തത്.

## ഗോകുലത്തിന് ഒമ്പത് ഗോൾ ജയം

**അഹമ്മദാബാദ്**

ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിൽ ഗോകുലം കേരള എഫ്സി തകർപ്പൻ ജയം തുടരുന്നു.

മാതാ രുക്മണി ഫുട്ബോൾ ക്ലബ്ബിനെ ഒമ്പത് ഗോളിന് തോൽപ്പിച്ചു. സബിത്ര ഭണ്ഡാരി നാല് ഗോളടിച്ചു.

ആറ് കളിയിൽ 16 പോയിന്റുമായി ഗോകുലം ഗ്രൂപ്പിൽ ഒന്നാമതാണ്.

കേരളത്തിൽനിന്നുള്ള രണ്ടാമത്തെ ടീമായ കൊച്ചി ലോർഡ്സ് ഫുട്ബോൾ അക്കാദമി ഇന്ന് ചർച്ചിൽ ബ്രദേഴ്സിനെ നേരിടും.

# മാക്സ്‌വെലും ഡു പ്ലെസിസും കാത്തു

**മുംബൈ**

ആദ്യ ഓവറിൽ വിരാട് കോഹ്‌ലിയെ നഷ്ടമായെങ്കിലും അർധ സെഞ്ചുറികളുമായി ഫാഫ് ഡു പ്ലെസിസും ഗ്ലെൻ മാക്സ്‌വെലും റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ കാത്തു.

ഐപിഎൽ ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനെതിരെ ആദ്യം ബാറ്റ് ചെയ്ത് 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 199 റണ്ണെടുത്തു. ക്യാപ്റ്റൻ ഡു പ്ലെസിസ് 41 പന്തിൽ 65 റണ്ണുമായി ഈ സീസണിലെ ആറാം അർധസെഞ്ചുറി സ്വന്തമാക്കി. അതിൽ അഞ്ച് ഫോറും മൂന്ന് സിക്സറും ഉൾപ്പെട്ടു.

മാക്സ്‌വെൽ 33 പന്തിൽ 68 റൺ നേടി. എട്ട് ഫോറും നാല് സിക്സറും നിറഞ്ഞ ഇന്നിങ്സ്.

മൂന്നാം ഓവറിൽ 16 റണ്ണെടുക്കുന്നതിനിടെ രണ്ട് വിക്കറ്റ് നഷ്ടപ്പെട്ടശേഷമാണ് ബാംഗ്ലൂർ തിരിച്ചുവന്നത്. മൂന്നാംവിക്കറ്റിൽ ഡു പ്ലെസിസും മാക്സ്‌വെലും അടിച്ചുതകർത്തു. ഇരുവരും ചേർന്ന് നേടിയത് 120 റൺ.

കോഹ്‌ലി നാല് പന്തിൽ ഒരു റണ്ണെടുത്ത് പുറത്തായി. അനൂജ് റാവത്തിനും (6) മഹിപാൽ ലോംറർക്കും (1) തിളങ്ങാനായില്ല. ദിനേഷ് കാർത്തിക് 18 പന്തിൽ 30 റണ്ണടിച്ചു. നാല് ഫോറും ഒരു സിക്സറും നിറഞ്ഞ ഇന്നിങ്സ് സ്കോർ ഉയർത്തുന്നതിൽ നിർണായകമായി. 10 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 104 റണ്ണായിരുന്നത് 15 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 152 റണ്ണായി.




മുംബൈക്കെതിരെ ഗ്ലെൻ മാക്സ്‌വെൽ സിക്സർ പറത്തുന്നു

അവസാന അഞ്ച് ഓവറിൽ നേടിയത് 47 റൺ. 12 റൺവീതം നേടി കേദാർ ജാദവും വണീന്ദു ഹസരങ്കയും പുറത്താകാതെനിന്നു.

മുംബൈയ്ക്കായി ഓസ്ട്രേലിയൻ പേസർ ജാസൻ ബെഹറെൻഡോർഫ് മൂന്ന് വിക്കറ്റെടുത്തു. കോഹ്‌ലി, മാക്സ്‌വെൽ, അനൂജ് എന്നിവരുടെ വിക്കറ്റാണ് പിഴുതത്. കാമറൂൺ ഗ്രീൻ, ക്രിസ് ജോർദൻ, കുമാർ കാർത്തികേയ എന്നിവർക്ക് ഓരോവിക്കറ്റുണ്ട്.

പിയൂഷ് ചൗള നാല് ഓവറിൽ വിക്കറ്റെടുക്കാതെ 41 റൺ വഴങ്ങി.

### പോയിന്റ് പട്ടിക

(ടീം, കളി, ജയം, തോൽവി, പോയിന്റ്)

| | | |
|---|---|---|
| ഗുജറാത്ത് | 11 8 3 | 16 |
| ചെന്നൈ | 11 6 4 | 13 |
| ലഖ്നൗ | 11 5 5 | 11 |
| രാജസ്ഥാൻ | 11 5 6 | 10 |
| കൊൽക്കത്ത | 11 5 6 | 10 |
| ബാംഗ്ലൂർ | 10 5 5 | 10 |
| പഞ്ചാബ് | 11 5 6 | 10 |
| മുംബൈ | 10 5 5 | 10 |
| ഹൈദരാബാദ് | 10 4 6 | 8 |
| ഡൽഹി | 10 4 6 | 8 |